2024
JANUARY
09
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## അഗസ്ത്യാർകൂടം: സീസണൽ ട്രക്കിങ് ജനുവരി 24 മുതൽ



**തിരുവനന്തപുരം:** അഗസ്ത്യാർകൂടം സീസണൽട്രക്കിംഗ് 2024ന് സന്ദർശകരെ അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ജനുവരി 24 മുതൽ മാർച്ച് 2 വരെ ആയിരിക്കും ഈ വർഷത്തെ സീസണൽ ട്രക്കിങ്. ഇതിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2024 ജനുവരി 10 മുതൽ ഒരു ദിവസം 70 പേർ എന്ന കണക്കിൽ ആരംഭിക്കാനും അനുമതി നൽകി.ബുക്കിങ് കാൻസലേഷൻ ഉൾപ്പെടെ പരമാവധി സീറ്റ് ലഭ്യതയ്ക്ക് അനുസരിച്ച് ഓരോ ദിവസവും 30 പേരിൽ അധികരിക്കാതെ ഓഫ്‌ലൈൻ ബുക്കിങ് തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന് അനുവദിക്കാം. ഓഫ് ലൈൻ ബുക്കിങ്, ട്രക്കിങ് തീയതിയ്ക്ക് ഒരു ദിവസം മുൻപ് മാത്രമേ നടത്താൻ പാടുള്ളു. ട്രക്കിങ് ഫിസ്, ഭക്ഷണം ഇല്ലാതെ ഇക്കോ ഡെവലപ്മെന്റ് ചാർജ്ജ് അടക്കം 2500/ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) ആയിരിക്കും. ഒരു ദിവസം അഗസ്ത്യാർകൂടം ട്രക്കിങിന് പരമാവധി ബുക്കിങ്ങ് കാൻസലേഷൻ സീറ്റ് അടക്കം 100 പേരിൽ കൂടുതൽ അനുവദിക്കാൻ പാടില്ല. 14 മുതൽ 18 ൽ കുറഞ്ഞ പ്രായമുള്ളവരെ രക്ഷാകർത്താവിനോടൊപ്പമോ രക്ഷാകർത്താവിന്റെ അനുമതി പത്രത്തോടൊപ്പമോ അല്ലാതെ രജിസ്ട്രേഷൻ അനുവദിക്കില്ല. ട്രക്കിങിൽ പങ്കെടുക്കുന്നവർ ഏഴു ദിവസത്തിനകം എടുത്ത മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ട്രക്കിങ് ആരംഭിക്കുന്നതിന് മുൻപായി ഹാജരാക്കണം.ഓൺലൈൻ രജിസ്ട്രേഷന്, പങ്കെടുക്കുന്ന ആളുടെ ഫോട്ടോയും സർക്കാർ അംഗീകരിച്ച ഐഡി കോപ്പിയും ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് അപ്‌ലോഡ് ചെയ്യണം. ഫസ്റ്റ് എയിഡ് കിറ്റ്, പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് എന്നിവ ഉറപ്പുവരുത്തണം. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ആക്രമണ സാധ്യത തുടങ്ങിയ സാഹചര്യത്തിൽ, ഏത് സമയത്തും ട്രക്കിങ് നിറുത്തി വയ്ക്കാൻ വകുപ്പിന് അധികാരമുണ്ടായിരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

## സംസ്ഥാന സ്കൂൾ കലോത്സവം

# കപ്പടിച്ച് കണ്ണൂർ സ്ക്വാഡ്

**കൊല്ലം:** കൗമാരകലോൽസവത്തിൽ ഇഞ്ചോടിഞ്ച് നടന്ന പോരാട്ടത്തിൽ കലാകീരീടം ചൂടി കണ്ണൂർ ജില്ല. 952 പൊയിന്റ് നേടിയാണ് കണ്ണൂർ ജില്ല അഞ്ചു രാപ്പകലുകൾ നീണ്ട ഏഷ്യായിലെ ഏറ്റവം വലിയ കലാമാമാങ്കത്തിൽ ചാംപ്യൻ പട്ടം കരസ്ഥമാക്കിയത്.949 പൊയിന്റ് നേടി കോഴിക്കോട് ജില്ല രണ്ടാം സ്ഥാനവും 938 പൊയിന്റ് നേടി പാലക്കാട് ജില്ല മൂന്നാം സ്ഥാനവും കരസ്ഥമക്കി. 14000 പ്രതിഭകളുടെ സർഗശേഷിയുടെ മാറ്റുരയ്ക്കൽ ആണ് 24 വേദികളിലും കാണാൻ സാധിച്ചത് .കൊല്ലം തന്റെ ഹൃദയത്തിലേക്ക് കലോത്സവത്തെ ഏറ്റെടുത്തതാണ് കാണാൻ സാധിച്ചത് എന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. പരാതികൾ കുറഞ്ഞുവരുന്ന കലോത്സവങ്ങൾ സംഘാടന മികവ് തെളിയിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.ജനപങ്കാളിത്തത്തിൽ കൊല്ലത്ത് നടന്ന കലോത്സവം ചരിത്രത്താളുകളിൽ രേഖപ്പെടുത്തും എന്ന സമ്മേളനത്തിൽ അധ്യക്ഷനയ ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ഒരുമയാണ് കേരളത്തിന്റെ മുഖമുദ്ര. ആ ഒരുമയ്ക്ക് അടിസ്ഥാനമാകുന്നത് ഇത്തരത്തിൽ ജനപങ്കാളിത്തമുള്ള കലോത്സവങ്ങൾ ആണെന്നും അദ്ദേഹം പറഞ്ഞു .വിജയപരാജയങ്ങൾ കലാപ്രകടനങ്ങളെ ബാധിക്കരുതെന്ന് സമാപന സമ്മേളനത്തിൽ മുഖ്യ അതിഥിയായി പങ്കെടുച്ച ചലച്ചിത്രതാരം പത്മശ്രീ ഭരത് മമ്മൂട്ടി പറഞ്ഞു.ഒരു പ്രകടനം ഒരിക്കലും കഴിവിന്റെ അളവുകോൽ അല്ല വിവേചനം ഇല്ലാത്ത കൂടിചേരലുകളുടെ മാതൃകകളാണ് കാലോത്സവങ്ങൾ എന്നും അദ്ദേഹം പറഞ്ഞു .സമാപന സമ്മേളനത്തിന് മുൻപ് എല്ലാ മത്സരങ്ങളുടെയും ഫലം പ്രഖ്യാപിക്കാൻ സാധിച്ചതും കൃത്യ സമയ പാലനവും ചരിത്രത്തിൽ ആദ്യമായി ആണ്. അത് കൊല്ലത്തു നടന്ന കലോത്സവത്തിന്റെ പേരിൽ സ്വർണ ലിപികളിൽ ചരിത്രതാളിൽ രേഖപ്പെടുത്തുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു വിജയികളായ കണ്ണൂർ ജില്ലയ്ക്ക് കലോത്സവത്തിന്റെ സ്വർണകപ്പ് ചടങ്ങിൽ മമ്മൂട്ടിയും മന്ത്രിമാരും ചേർന്ന് കൈമാറി. 62മത് കലോത്സവത്തിന്റെ സുവനീയർ പ്രകാശനവും ചടങ്ങിൽ മന്ത്രി ജി ആർ അനിൽ നിർവഹിച്ചു. മന്ത്രിമാരായ ജെ ചിഞ്ചുറാണി, സജി ചെറിയാൻ എം എൽ എ മാരായ എം മുകേഷ്, എം നൗഷാദ്, കോവൂർ കുഞ്ഞുമോൻ, പി എസ് സുപാൽ, പി സി വിഷ്ണുനാഥ് , മേയർ പ്രസന്ന ഏണസ്റ്റ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ്, ജില്ലാ കലക്ടർ എൻ ദേവിദാസ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എസ് ഷാനവാസ്, അഡിഷണൽ ഡയറക്ടർ സി എസ് സതീഷ് തുടങ്ങിയർ പങ്കെടുത്തു .




## ക്രിസ്തുമസ് ന്യൂ ഇയർ ബംമ്പർ 2023-24

## സ്വപ്ന സൗഭാഗ്യത്തിന്റെ വിൽപ്പന റെക്കോർഡിലേയ്ക്ക്

- ടിക്കറ്റ് വിൽപ്പനയിൽ ഒന്നാം സ്ഥാനം പാലക്കാടിനാണ്.
- രണ്ടും മൂന്നും സ്ഥാനങ്ങളിൽ എറണാകുളവും തൃശൂരും

**തിരുവനന്തപുരം:** സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ട്വന്റി 20 സമ്മാനഘടനയുള്ള 202324 ലെ ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ വിൽപ്പന റെക്കോർഡിലേയ്ക്ക്. ഭാഗ്യത്തെ സ്വപ്നം കാണുന്നവർക്ക് ഈ വർഷം ജനുവരി 24 ഉച്ചയ്ക്ക് രണ്ടു മണി സൗഭാഗ്യത്തിന്റെ പുത്തനുണർവ്വാണ് സമ്മാനിക്കുന്നത്. മുൻ വർഷത്തെക്കാൾ ഏഴര ലക്ഷം അധികം ടിക്കറ്റുകളാണ് ഇന്നലെ വൈകുന്നേരം വരെയുള്ള കണക്കനുസരിച്ച് വിറ്റുപോയത്. ഇരുപത്തേഴു ലക്ഷത്തിനാൽപ്പതിനായിരത്തി എഴുനൂറ്റയമ്പതു (27,40,750) ടിക്കറ്റുകൾ ഇതിനോടകം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കഴിഞ്ഞു. 2,59,250 ടിക്കറ്റുകൾ മാത്രമാണ് ഇനി വിൽപ്പനയ്ക്കായി ബാക്കിയുള്ളത്. നിലവിൽ ടിക്കറ്റ് വിൽപ്പനയിൽ ഒന്നാം സ്ഥാനം പാലക്കാടിനാണ്. രണ്ടും മൂന്നും സ്ഥാനങ്ങളുമായി എറണാകുളവും തൃശൂരും ഏകദേശം ഒപ്പത്തിനൊപ്പം മുന്നേറുന്നു. മുൻ വർഷം 16 കോടി രൂപയായിരുന്ന ഒന്നാം സമ്മാനത്തിന്റെ സ്ഥാനത്ത് ഇക്കുറി പത്തു സീരീസുകളിലെ ടിക്കറ്റുകളിൽ ഒന്നാം സമ്മാനമായി നൽകുന്നത് 20 കോടി രൂപയാണ്. രണ്ടാം സമ്മാനവും 20 കോടി തന്നെ. അത് ഭാഗ്യാന്വേഷികളിലെ 20 പേർക്ക് ഒരു കോടി വീതമെന്ന പ്രത്യേകതയോടു കൂടിയതുമാണ്. 30 പേർക്ക് 10 ലക്ഷം രൂപ വീതം നൽകുന്ന മൂന്നാം സമ്മാനവും (ആകെ മൂന്നു കോടി ഓരോ സീരീസുകളിലും മൂന്ന് സമ്മാനം), 20 പേർക്ക് 3 ലക്ഷം രൂപ വീതം നൽകുന്ന നാലാം സമ്മാനവും (ആകെ അറുപതു ലക്ഷം ഓരോ സീരീസുകളിലും രണ്ട് സമ്മാനം), 20 പേർക്ക് 2 ലക്ഷം രൂപ വീതം നൽകുന്ന അഞ്ചാം സമ്മാനവും (ആകെ നാൽപതു ലക്ഷം ഓരോ സീരീസുകളിലും രണ്ട് സമ്മാനം) മുതൽ അവസാന നാലക്കത്തിന് 400 രൂപ ഉറപ്പാക്കുന്ന സമ്മാനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. മൂന്നു ലക്ഷത്തി എൺപത്തിയെട്ടായിരത്തി എണ്ണൂറ്റി നാൽപതു സമ്മാനങ്ങളായിരുന്നു 2022 23ലെ ക്രിസ്തുമസ് ന്യൂ ഇയർ ബമ്പറിന് ഉണ്ടായിരുന്നത്. മുൻ വർഷത്തെക്കാൾ മൂന്നു ലക്ഷത്തി രണ്ടായിരത്തി നാണൂറ്റി അറുപതു സമ്മാനങ്ങളാണ് ഇക്കുറി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പറിൽ കൂട്ടിച്ചേർത്തിരിക്കുന്നത്. ഇതോടെ ഇക്കുറിയുള്ളത് ആകെ ആറുലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി മുന്നൂറു സമ്മാനങ്ങൾ. 400 രൂപയാണ് ഒരു ടിക്കറ്റിന് വില നിശ്ചയിച്ചിരിക്കുന്നത്. ഒന്നാം സമ്മാനാർഹമാകുന്ന ടിക്കറ്റിന്റെ മറ്റ് ഒൻപതു സീരീസുകളിലെ അതേ നമ്പരുകൾക്ക് സമാശ്വാസ സമ്മാനമായി ഒരു ലക്ഷം രൂപ വീതം ലഭിക്കും. ഏജന്റുമാർക്ക് ടിക്കറ്റ് വിൽപ്പന അടിസ്ഥാനമാക്കി നറുക്കെടുപ്പിന് ശേഷം ടിക്കറ്റ് ഒന്നിന് ഒരു രൂപ ഇൻസന്റീവ് നൽകും. ഏറ്റവുമധികം ടിക്കറ്റ് വിൽപ്പനയ്ക്കായി ഏടുക്കുന്ന ഏജന്റുമാർക്ക് സ്പെഷ്യൽ ഇൻസെന്റീവായി 35000 രൂപയും സെക്കൻഡ്, തേർഡ് ഹയസ്റ്റ് പർച്ചേസർമാർക്ക് യഥാക്രമം 20000 രൂപയും 15000 രൂപയും നൽകും.



## ഇന്റർവ്യൂ

**കൊച്ചി:** ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യ9 ഗ്രേഡ് 2/ലബോറട്ടറി ടെക്നീഷ്യ9 അസിസ്റ്റന്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ. 162/2022)തസ്തികയുടെ ഇന്റർവ്യൂ എറണാകുളം പി.എസ്.സി ഓഫീസിൽ ജനുവരി 10, 11 തീയതികളിൽ യഥാക്രമം രാവിലെ 9.30, ഉച്ചയ്ക്ക് 12 മുതൽ നടത്തും. ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ മേസേജ്, എസ് എം എസ് എന്നിവ വഴി അറിയിപ്പ് നൽകിയിട്ടു്. ഇത് സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കേതാണ്. അറിയിപ്പ് ലഭിക്കാത്ത അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. വിശദ വിവരങ്ങൾ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.

## അങ്കണവാടി വർക്കർ ഒഴിവ്

**കൊച്ചി:**അങ്കമാലി ഐസിഡിഎസ് പ്രൊജക്ട് പരിധിയിലുള്ള മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിൽ ഉായിട്ടുള്ളതും ഭാവിയിൽ ഉായേക്കാവുന്നതുമായ അങ്കണവാടി വർക്കർമാരുടെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരും സേവന തൽപ്പരത ഉള്ളവരും മതിയായ ശാരീരിക ശേഷിയുള്ളവരും 01.01.2024 ന് 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും 46 വയസ്സ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കാം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയു്. തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ 10ാം ക്ലാസ്സ് പാസ്സായിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ 08.01.2024 മുതൽ 15.01.2024 വൈകീട്ട് 5 വരെ അങ്കമാലി ഐസിഡിഎസ് പ്രൊജക്ട് ഓഫീസിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക അങ്കമാലി ഐസിഡിഎസ് പ്രൊജക്ട് ഓഫീസ്, മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2456389, 9188959720.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴ അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലെ ഉപയോഗത്തിനായി 202324 വർഷത്തേക്ക് വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെൻഡറുകൾ ക്ഷണിക്കുന്നു.ടെൻഡർ നൽകുന്ന കവറിന് പുറത്ത് വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ എന്ന് വ്യക്തമായി രേഖപ്പെടുത്തണം. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 15 ന് ഉച്ചയ്ക്ക് രിന്. കൂടുതൽ വിവരങ്ങൾക്ക് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗ് കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന മൂവാറ്റുപുഴ അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസുമായോ, 04852810018 എന്ന നമ്പറിലോ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

## ഡ്രൈവർ കം സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ ഒഴിവ്

**കൊച്ചി:**തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ ഒഴിവുള്ള ഡ്രൈവർ കം സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. അപേക്ഷകന്റെ പ്രായം 50 വയസ്സിൽ താഴെയായിരിക്കണം. കാഴ്ച തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഭാരവാഹനങ്ങളായ ബസ്, ടാങ്കർ ലോറി മുതലായവ ഓടിക്കുന്നതിനുള്ള ലൈസൻസ്, ബാഡ്ജ് തുടങ്ങിയവയുടെ ഒറിജിനൽ സർട്ടിഫിക്കറ്റ്, ഭാരവാഹനങ്ങൾ ഓടിച്ചതിന്റെ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ജനുവരി 22ന് ഉച്ചയ്ക്ക് രിന് തൃപ്പൂണിത്തുറ ആയുർവേദ കോളേജ് ആശുപത്രി ഓഫീസിൽ നേരിട്ട് ഹാജരാകുക.ഫോൺ: 0484 2777489

## അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴയിലുള്ള നോളഡ്ജ് സെന്ററില പി.എസ്.സി നിയമനങ്ങൾക്ക് യോഗ്യമായ ഡിസിഎ വേഡ് പ്രോസസിംഗ് ആന്റ് ഡാറ്റാ എൻട്രി, ഓഫീസ് ഓട്ടോമേഷ9, കമ്പ്യൂട്ടറൈസ്ഡ് ഫിനാഷ്യൽ അക്കൗിംഗ് (സിഎഫ്എ) എന്നീ കോഴ്സുകളിലേക്കും, ഒട്ടനവധി തൊഴിൽ സാധ്യതകളുള്ള അനിമേഷൻ കോഴ്സുകളിലേക്കുമുള്ള അഡ്മിഷൻ തുടരുന്നു. വിശദവിവരങ്ങൾക്ക് 0486 2228281, 7560965520 എന്നീ ഫോൺ നമ്പറുകളിലോ, കെൽട്രോൺ നോളഡ്ജ് സെന്റർ, മാതാഷോപ്പിങ് ആർക്കേഡിന് എതിർവശം, പാലാ റോഡ്, തൊടുപുഴ വിലാസത്തിലോ ബന്ധപ്പെടുക.

# ഭൂമി തരം മാറ്റൽ അദാലത്ത് ഫെബ്രുവരി 17ന് 19143 അപേക്ഷകൾക്ക് പരിഹാരമാകുന്നു

**കൊച്ചി:** ജില്ലയിലെ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കുന്നതിനു ഫെബ്രുവരി 17ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജന്റെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നു. രാവിലെ 9ന് മൂവാറ്റുപുഴ റവന്യൂ ഡിവിഷൻ ഓഫീസിന്റെയും ഉച്ചകഴിഞ്ഞ് രണ്ടിന് ഫോർട്ട്കൊച്ചി സബ് കളക്ടർ ഓഫീസിന്റെ കീഴിലും അദാലത്ത് നടത്തും.അദാലത്തിന്റെ മുന്നൊരുക്കങ്ങളും മറ്റു റവന്യൂ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.25 സെന്റ് പരിധിക്കുള്ളിൽ സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള അപേക്ഷകളാണ് അദാലത്തിൽ തീർപ്പാക്കുന്നത്. 2023 ഡിസംബർ 31 വരെയുള്ള എല്ലാ അപേക്ഷകളും അദാലത്തിൽ പരിഹരിക്കും. അദാലത്തിനായി പുതിയ അപേക്ഷകൾ നൽകേണ്ടതില്ല.മൂവാറ്റുപുഴ റവന്യൂ ഡിവിഷൻ പരിധിയിലെ 54 വില്ലേജുകളിലായി 4389 അപേക്ഷകൾക്കും ഫോർട്ട് കൊച്ചി സബ് കളക്ടർ ഓഫീസ് പരിധിയിലെ 70 വില്ലേജുകളിലായി 14754 അപേക്ഷകൾക്കുമാണ് അദാലത്തിൽ പരിഹാരമാകുന്നത്. ജില്ലയിൽ ആകെ 19143 അപേക്ഷകൾക്ക് പരിഹാരമാകും. ദ്രുതഗതികൾ നടപടികൾ സ്വീകരിച്ച് പരിഹാരം കാണാൻ ജില്ലാ കളക്ടർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി. നടപടികൾ വേഗത്തിൽ ആക്കുന്നതിനായി എല്ലാ താലൂക്കുകളിലും ഡെപ്യൂട്ടി കളക്ടർമാരെ ചാർജ് ഓഫീസർമാരായി നിയമിച്ചിട്ടു്.യോഗത്തിൽ ജില്ലയിൽ നടന്ന നവ കേരള സദസ്സുകളിൽ ലഭിച്ച നിവേദനങ്ങളിൽമേലുള്ള നടപടികൾ വിലയിരുത്തി. എല്ലാ അപേക്ഷകളും പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. 2025ൽ കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലയിലെ ഭൂരഹിതരെയും ഭവനരഹിതരെയും കണ്ടെത്തി ഭൂമിയും വീടും ഉറപ്പാക്കാനുള്ള റവന്യൂ വകുപ്പിന്റെ നടപടികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. ഇതിനായി റവന്യൂ ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം.പട്ടയവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളിലും വേഗത്തിൽ പരിഹാരം കാണാൻ കളക്ടർ നിർദ്ദേശിച്ചു. കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേര്യമംഗലം, കീരംപാറ, കടവൂർ വില്ലേജുകളിലെ പട്ടയ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടപടികൾ സ്വീകരിക്കും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ഫോർട്ട്കൊച്ചി സബ് കളക്ടർ കെ. മീര, മൂവാറ്റുപുഴ ആർ.ഡി.ഒ പി. എൻ അനി, ഡെപ്യൂട്ടി കളക്ടർ വി.ഇ അബ്ബാസ്, തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

# പൊതുമരാമത്ത് നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം: മന്ത്രി പി.രാജീവ്



**കൊച്ചി:** കളമശ്ശേരി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്. മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യാനായി ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകിയത്.മണ്ഡലത്തിലെ അഞ്ചു സ്കൂളുകളിലെ കെട്ടിട നിർമാണം സമയബന്ധിതമായി പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗത്തിന് മന്ത്രി നിർദ്ദേശം നൽകി. ഉളിയന്നൂർ ഗവ. എൽ.പി സ്കൂൾ, കോട്ടപ്പുറം ഗവ. എൽപി സ്കൂൾ, മുപ്പത്തടം ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഏലൂർ ഗവ. എൽപി സ്കൂൾ, കരുമാലൂർ ഗവ. എൽപി സ്കൂൾ എന്നിവിടങ്ങളിലാണ് നിർമാണം പുരോഗമിക്കുന്നത്.അയിരൂർ പാലം, കുന്ന് കോട്ടപ്പുറം പാലം, ഏലൂർ ചൗക്ക പാലം, കൂർ പാലം എന്നിവയാണ് കളമശ്ശേരി മണ്ഡലത്തിൽ ആരംഭിക്കുന്ന പാലം നിർമാണ പ്രവൃത്തികൾ. നിർമ്മാണത്തിൽ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് വിഭാഗത്തിനോട് മന്ത്രി നിർദേശിച്ചു.കളമശ്ശേരി എച്ച്.എം.ടി ജംഗ്ഷൻ വികസനത്തിൽ റെയിൽവേ മേൽപാലം കൂടി വീതി കൂട്ടണമെന്ന കിഫ്ബിയുടെ ആവശ്യത്തോടനുബന്ധിച്ച് കേരള റോഡ്സ് ഫ് ബോർഡ് (കെ.ആർ.എഫ്.ബി) കിഫ്ബിയുമായി യോഗം ചേർന്ന് തീരുമാനമെടുക്കാനും മന്ത്രി നിർദേശിച്ചു. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ഏലൂർ നഗര സഭ ചെയർമാൻ എ.ഡി സുജിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷെഫീഖ്, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## കളമശ്ശേരി ഗവ.വനിത ഐ.ടി.ഐ : ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.വനിത ഐ.ടി.ഐയിലെ അരിത്തമാറ്റിക് കം ഡ്രോയിങ് ആന്റ് എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനുള്ള ഇൻറർവ്യൂ ജനുവരി 11 ന് രാവിലെ 11.30 ന് വനിത ഐടിഐ കളമശ്ശേരി ഓഫീസിൽ നടത്തുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04842544750. ബന്ധപ്പെട്ട മേഖലയിൽ 3 വർഷത്തെ പ്രവൃത്തിപരിചയമുള്ള ഏതെങ്കിലും എൻജിനീയറിങ് ട്രേഡിൽ എ9ടിസി/എ9 എസി അഥവാ എഐടിഇ/അംഗീകൃത ബോർഡ് ഓഫ് ടെക്നിക്കൽ എജ്യുക്കേഷനിൽ നിന്ന് എഞ്ചിനീയറിംഗിൽ 3 വർഷത്തെ ഡിപ്ലോമ അല്ലെങ്കിൽ ഡിജിടിയിൽ നിന്ന് പ്രസക്തമായ അഡ്വാൻസ്ഡ് ഡിപ്ലോമ (വൊക്കേഷണൽ) ബന്ധപ്പെട്ട മേഖലയിൽ 2 വർഷത്തെ പരിചയം. അഥവാ എഐസിടിഇ/യുജിസി അംഗീകൃത എൻജിനീയറിങ് കോളേജ്/യൂണിവേഴ്സിറ്റിയിൽ നിന്ന് എൻജിനീയറിങ്ങിൽ ബി.വോക്/ബിരുദം, ബന്ധപ്പെട്ട മേഖലയിൽ 1 വർഷത്തെ പ്രവൃത്തിപരിചയം.

# ' ക്യാപ്റ്റൻ മില്ലർ ' ട്രെയിലർ റിലീസായി




ധനുഷിന്റെ ഈ വർഷത്തെ ഏറ്റവും വലിയ ചിത്രം ക്യാപ്റ്റൻ മില്ലർ ട്രെയിലർ എത്തി. ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിന്റെ തീപ്പൊരി മിന്നിക്കുന്ന ട്രെയിലർ സമൂഹമാധ്യമങ്ങളിൽ ആളിപ്പടരുകയാണ്. ജനുവരി 12ന് പൊങ്കൽ റിലീസായി ചിത്രം തിയറ്ററുകളിലെത്തും.അരുൺ മാതേശ്വരൻ സംവിധാനം ചെയ്ത് സത്യജ്യോതി ഫിലിംസ് നിർമ്മിച്ച ഒരു വാർ ആക്ഷൻ ചിത്രമാണ് ക്യാപ്റ്റൻ മില്ലർ. ധനുഷ്, ശിവ രാജ്കുമാർ, സന്ദീപ് കിഷൻ, പ്രിയങ്ക മോഹൻ, ജോൺ കൊക്കൻ, നിവേദിത സതീഷ്, എഡ്വേർഡ് സോണൻബ്ലിക്ക് തുടങ്ങി നിരവധി താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. സിദ്ധാർത്ഥ നുനിയുടെ ഛായാഗ്രഹണവും നാഗൂരാൻ രാമചന്ദ്രൻ എഡിറ്റിംഗും നിർവ്വഹിക്കുന്നു.സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനും ചേർന്ന് നിർമ്മിക്കുന്ന ചിത്രം സത്യജ്യോതി ഫിലിംസിന്റെ ബാനറിൽ ടി ജി ത്യാഗരാജനാണ് അവതരിപ്പിക്കുന്നത്.പി ആർ ഓ പ്രതീഷ് ശേഖർ.

# 'മുറ 'ടൈറ്റിൽ പോസ്റ്റർ റിലീസ് ചെയ്തു




കപ്പേള എന്ന ചിത്രത്തിന് ശേഷം മുഹമ്മദ് മുസ്തഫ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസ് ചെയ്തു.' മുറ ' എന്നാണ് ചിത്രത്തിന്റെ പേര്. ടൈറ്റിൽ പോസ്റ്ററിൽ തന്നെ തിരുവനന്തപുരം നഗര പശ്ചാത്തലത്തിൽ നടക്കുന്ന കഥയാണ് എന്ന സൂചന നൽകുന്ന ദൃശ്യങ്ങളിലൂടെ നാലു യുവാക്കളെ പോസ്റ്ററിൽ കാണിക്കുന്നുണ്ട്. വ്യത്യസ്തമാർന്ന പ്രമേയത്തിലൂടെ സഞ്ചരിക്കുന്ന 'മുറ' ചിത്രത്തിലേക്ക് തിരുവനന്തപുരം പ്രദേശവാസികൾക്ക് മുൻതൂക്കം നൽകി കൊണ്ടുള്ള ചിത്രത്തിന്റെ കാസ്റ്റിംഗ് കാൾ തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. കേരളത്തിലെ സിനിമാരംഗത്തെ പ്രമുഖ നിർമ്മാണവിതരണ കമ്പനിയായ എച്ച് ആർ പിക്ചേഴ്സിന്റെ നേതൃത്വത്തിൽ റിയാ ഷിബു ആണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. സുരാജ് വെഞ്ഞാറമൂട്, ഹ്രിദ്ധു ഹാറൂൺ, മാലാ പാർവതി, കനി കുസ്യതി, കണ്ണൻ നായർ, ജോബിൻ ദാസ്, അനുജിത് കണ്ണൻ, യെദു കൃഷ്ണാ,വിഘ്നേശ്വർ സുരേഷ്, കൃഷ് ഹസ്സൻ, സിബി ജോസഫ് എന്നിവരാണ് മുറയിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.മുറയുടെ അണിയറപ്രവർത്തകർ ഇവരാണ്. ചിത്രത്തിന്റെ രചനനിർവഹിക്കുന്നത് ഉപ്പും മുളകും ഫെയിം സുരേഷ് ബാബുവാണ്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : റോണി സക്കറിയ, ഛായാഗ്രഹണം: ഫാസിൽ നാസർ, എഡിറ്റിംഗ്: ചമൻ ചാക്കോ, സംഗീത സംവിധാനം : മിഥുൻ മുകുന്ദൻ, കലാസംവിധാനം : ശ്രീനു കല്ലേലിൽ , മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : നിസാർ റഹ്മത്ത്, ആക്ഷൻ : പി.സി. സ്റ്റൻഡ്സ്, പ്രൊഡക്ഷൻ കൺട്രോളർ : ജിത്ത് പിരപ്പൻകോട്. തിരുവനന്തപുരത്ത് ഷൂട്ടിംഗ് പുരോഗമിക്കുന്ന ചിത്രത്തിന്റെ മറ്റു ലൊക്കേഷനുകൾ മധുരൈ, തെങ്കാശി, ബാംഗ്ലൂർ എന്നീ സ്ഥലങ്ങളിലാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

# 'സീക്രട്ട് ഹോം 'ഫസ്റ്റ് ലുക്ക് പോസ്റ്റർ




ശിവദ,ചന്തു നാഥ്, അപർണ്ണ ദാസ്,അനു മോഹൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അഭയകുമാർ കെ സംവിധാനം ചെയ്യുന്ന 'സീക്രട്ട് ഹോം' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.വൗ സിനിമാസിന്റെ ബാനറിൽ സന്തോഷ് ത്രിവിക്രമൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം അനിൽ കുര്യൻ എഴുതുന്നു.അജയ് ഡേവിഡ് കാച്ചപ്പിള്ളി ഛായഗ്രഹണം നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ,മനു മഞ്ജിത്ത് എന്നിവരുടെ വരികൾക്ക് ശങ്കർ ശർമ്മ സംഗീതം പകരുന്നു.എഡിറ്റർരാജേഷ് രാജേന്ദ്രൻ,പശ്ചാത്തല സംഗീതംശങ്കർ ശർമ്മ,ലൈൻ പ്രൊഡ്യൂസർഷിബു ജോബ്, എക്സിക്യൂട്ടീവ്പ്രൊഡ്യൂസർഅനീഷ് സി സലീം,കോ പ്രൊഡക്ഷൻവിജീഷ് ജോസ്,പ്രൊഡക്ഷൻ കൺട്രോളർഷബീർ മലവെട്ടത്ത്,പ്രൊഡക്ഷൻ ഡിസൈനർഅനീസ് ഗോപാൽ, മേക്കപ്പ്മനു മോഹൻ,വസ്ത്രാലങ്കാരംസൂര്യ ശേഖർ,കലനിഖിൽ ചാക്കോ കിഴക്കേതടത്തിൽ,സ്റ്റിൽസ് ഫിറോഷ് കെ ജയേഷ്, ടൈറ്റിൽ ഡിസൈൻഏസ്തെറ്റിക് കുഞ്ഞമ്മ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർപ്രശാന്ത് വി മേനോൻ,സുഹാസ് രാജേഷ്,ക്രിയേറ്റീവ് ഡയറക്ടർസ്യമന്തക് പ്രദീപ്, ഫിനാൻസ് കൺട്രോളർ അഗ്നിവേഷ്,ശരത്, വിഎഫ്എക്സ് പ്രോമിസ് സ്റ്റുഡിയോ,ഡിഐറാങ്ക് റായ്സ്,സൗണ്ട്ചാൾസ്,ആക്ഷൻസുധേഷ് കുമാർ എസ്,പരസ്യകലആന്റെണി സ്റ്റീഫൻ,പി ആർ ഒഎ എസ് ദിനേശ്.

# 'അങ്കിളും കുട്ട്യോളും 'ഫസ്റ്റ് ലുക്ക് പോസ്റ്റർ




ജി കെ എൻ പിള്ള, ശിവാനി,ദേശീയ അവാർഡ് ജേതാവ് ആദീഷ് പ്രവീൺ, രാജീവ് പാല,നന്ദു പൊതുവാൾ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജി കെ എൻ പിള്ള കഥ, തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന'അങ്കിളും കുട്ട്യോളും 'എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, ചലച്ചിത്ര സാമൂഹ്യ രംഗത്തെ പ്രമുഖരുടെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.വിമൽ,സജിത് ദേശം, ഷീബ ജോർജ്ജ്, ദിലീപ്, സി. സുകുമാരൻ, സുഭാഷ് ഐരാപുരം, ജോഷി വളയൻചിറങ്ങര, വിഷ്ണു നമ്പൂതിരി, രതീഷ് ഒക്കൽ, റജി ജോസ്, പ്രഭാത് കൃഷ്ണ, ബനിഷ് കറുകപ്പള്ളിൽ, നിതീഷ് ചെങ്ങമനാട്, ശ്രീപതി തുടങ്ങിയവരാണ് മറ്റു താരങ്ങൾ.ഒപ്പം, ബാലതാരങ്ങളായഅഭിനവ് കെ.രാജേഷ്, ദേവക് ബിനു, ആൽഫ്രഡ്, ശ്രീഹരി, റയാൻ, പാർത്ഥിവ്, ആഗ്നേയ്, അഷയ്, പല്ലവി, ആൻഡ്രിയ, ആദിത്, ആദർശ്,ഷിജിൻ സതീഷ്,വൈഗ മനോജ്,കാശിനാഥ്,വരുൺ മനോജ് എന്നിവരും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.'നല്ല നാളേയ്ക്കായി ഇനിയെങ്കിലും നമ്മുക്ക് പ്രയത്നിക്കാമെന്ന് ഉറക്കെ വിളിച്ചു പറയുന്ന ഒരു ഫാമിലി സെന്റിമെന്റൽ മോട്ടിവേഷണൽ ചിത്രമാണ് 'അങ്കിളും കുട്ട്യോളും ' സംവിധായകൻ ജി കെ എൻ പിള്ള പറഞ്ഞു.പീ വീ സിനിമാസിന്റെ ബാനറിൽ സുർജിത് എസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മഹേഷ് ലെൻസ്മാൻ നിർവ്വഹിക്കുന്നു.ജി കെ എൻ പിള്ള,അനിയൻ മാരാർ എന്നിവർഎഴുതിയ വരികൾക്ക് അനൂപ് എകമ്മത്ത് സംഗീതം പകരുന്നു.പി ജയചന്ദ്രൻ,മധു ബാലകൃഷ്ണൻ,മാസ്റ്റർ റിതു രാജ് എന്നിവരാണ്ഗായകർ.ബിജിഎംജിന്റോ ജോൺ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർപി വി സോമശേഖരൻ പിള്ള,എഡിറ്റർകെ രാജഗോപാൽ,പ്രൊഡക്ഷൻ കൺട്രോളർഷിബു പള്ള,ആർട്ട്അജി മണിയൻ,മേക്കപ്പ്അഷറഫ് മല്ലശ്ശേരി,സിന്ധു, കോസ്റ്റ്യൂംസ്സ്വം,സ്റ്റുഡിയോഗീതം ഡിജിറ്റൽ, ഓഡിയോഗ്രഫിഡി യുവരാജ്,ചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ,അസിസ്റ്റന്റ് ഡയറക്ടർഅരുൺ അയ്യപ്പാസ്,അനുരാജ് അനന്തകുമാർ, കൊറിയോഗ്രാഫർസ്പ്രിംഗ്,സ്റ്റിൽസ്ജോർജ്ജ് കോളാൻസ്, പരസ്യകലഡെന്നി'സ് ഡിസൈൻസ്,ഡിജിറ്റൽ പ്രമോഷൻഉണ്ണി രാമപുരം,പി ആർ ഒഎ എസ് ദിനേശ്.

# 'അയ്യർ ഇൻ അറേബ്യ' ഫെബ്രുവരി 2ന്




മുകേഷ്, ഉർവ്വശി,ധ്യാൻ ശ്രീനിവാസൻ, ഷൈൻ ടോം ചാക്കോ, ദുർഗ്ഗാ കൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി എം എ നിഷാദ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'അയ്യർ ഇൻ അറേബ്യ ' ഫെബ്രുവരി രണ്ടിന് പ്രദർശനത്തിനെത്തുന്നു.വെൽത്ത് ഐ പ്രൊഡക്ഷൻസിന്റെ ബാനറിൽ വിഘ്നേഷ് വിജയകുമാർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ജാഫർ ഇടുക്കി, അലൻസിയർ, മണിയൻ പിള്ള രാജു, കൈലാഷ്, സുധീർ കരമന, സോഹൻ സീനുലാൽ, ഉല്ലാസ് പന്തളം, ജയകൃഷ്ണൻ, സിനോജ് സിദ്ധിഖ്, ജയകുമാർ, ഉമ നായർ, ശ്രീലത നമ്പൂതിരി, രശ്മി അനിൽ, വീണ നായർ, നാൻസി,ദിവ്യ എം. നായർ, ബിന്ദു പ്രദീപ്, സൗമ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.തന്റെ സിനിമ ജീവിതത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലാണ് 'അയ്യർ ഇൻ അറേബ്യ'എന്ന ചിത്രവുമായി എം.എ നിഷാദ് വരുന്നത്. ഒരു നീണ്ട ഇടവേളക്കു ശേഷം മുകേഷും ഉർവശിയും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്.ഒരു മുഴുനീള കോമഡി എന്റർടൈനർ ചിത്രമായ 'അയ്യർ ഇൻ അറേബ്യ'യുടെ ഛായാഗ്രഹണംസിദ്ധാർത്ഥ് രാമസ്വാമി, വിവേക് മേനോൻ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.പ്രഭാ വർമ്മ,റഫീഖ് അഹമ്മദ്,ബി കെ ഹരിനാരായണൻ,മനു മഞ്ജിത് എന്നിവരുടെ വരികൾക്ക് ആനന്ദ് മധുസൂദനൻ സംഗീതം പകരുന്നുഎഡിറ്റർ ജോൺകുട്ടി.പ്രൊഡക്ഷൻ കൺട്രോളർബിനു മുരളി, കലാസംവിധാനം പ്രദീപ് എം വിമേക്കപ്പ് സജീർ കിച്ചു. കോസ്റ്റ്യുംഅരുൺ മനോഹർ, അസ്സോസിയേറ്റ് ഡയറക്ടർപ്രകാശ് കെ മധു.സ്റ്റിൽസ് നിദാദ്,ഡിസൈൻസ് യെല്ലോടൂത്ത്,സൗണ്ട് ഡിസൈൻരാജേഷ് പി.എം,ശബ്ദലേഖനം ജിജുമോൻ ടി. ബ്രൂസ്. പി ആർ ഒഎ എസ് ദിനേശ്.

# കലാ സാംസ്കാരിക സഹകരണം: കൈകോർത്ത് അബുദാബിയും കേരളവും



**കൊച്ചി:** കലകളുടെയും, കലാകാരൻമാരുടേയും ഉന്നമനത്തിന് വേണ്ടി അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന റിസ്ക്ക് ആർട്ട് ഇനിഷ്യേറ്റീവും (ഞഅഹ), കേരള ലളിതകലാ അക്കാദമിയും കൈകോർക്കുന്നു. അതിന് വേണ്ടി കേരള ലളിത കലാ അക്കാദമിക്ക് കീഴിലെ കലാകാരൻമാരുടെ കലാസൃഷ്ടികൾക്ക് അബുദാബിയിൽ പ്രദർശനവും, വിപണനവും നടത്തുന്നതിന് വേണ്ടി റിസ്ക്ക് ആർട്ട് ഇനീഷ്യേറ്റീവ് മുൻകൈയെടുക്കും. അബുദാബിയിലെ കലാസൃഷ്ടികൾ കേരളത്തിലും പ്രദർശിപ്പിക്കും. ഇതിന് വേണ്ടിയുള്ള ധാരണാപത്രം കൊച്ചിയിലെ ഗ്രാന്റ് ഹയാത്ത് ഹോട്ടലിൽ വെച്ച് നടന്ന ചടങ്ങിൽ അബുദാബിയിലെ റിസ്ക്ക് ആർട്ട് ഇനീഷ്യേറ്റീവ് ഫൗണ്ടറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഷഫീന യൂസഫ് അലിയുടെയും, ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്തിന്റേയും സാന്നിധ്യത്തിൽ റിസ്ക്ക് ആർട്ട് ഇനീഷ്യേറ്റീവ് ചീഫ് ക്യൂരിയേറ്ററും ക്രിയേറ്റീവ് ഡയറക്ടറുമായ മീന വാരിയും, ലളിതകലാ അക്കാദമി സെക്രട്ടറി എൻ ബാലമുരളിയും ഒപ്പുവെച്ചു.കേരളത്തിലെ കലാകാരൻമാരുടെ സൃഷ്ടികൾ ലോകത്തെ അറിയിക്കുകയെന്ന ഉത്തരവാദിത്തമാണ് റിസ്ക്ക് ആർട്ട് ഇനിഷേറ്റീവ് ഏറ്റെടുക്കുന്നതെന്ന് റിസ്ക്ക് ആർട്ട് ഇനീഷ്യേറ്റീവ് എക്സിക്യൂട്ടീവ് ഡയറക്ടർ ഷഫീന യൂസഫിലും, ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്തും നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ ഷഫീന യൂസഫ് അലി പറഞ്ഞു. കലാപരമായും, സാംസ്കാരിക പരമായും കേരളവും, അറബ് രാജ്യങ്ങളും തമ്മിൽ വളരെയേറെ സാമ്യം ഉണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇത്തരമൊരു സംരഭവമായി റിസ്ക്ക് ആർട്ട് ഇനിഷേറ്റീവ് മുന്നിട്ടിറങ്ങിയത്. തങ്ങൾ ഇത്തരത്തിലൊരു സഹകരത്തിന് കേരള ലളിത കലാ അക്കാദമിയെ സമീപിച്ചപ്പോൾ തന്നെ പിൻതുണ നൽകിയ കേരള ലളിത കലാ അക്കാദമിക്ക്, റിസ്ക്ക് ആർട്ട് ഇനിഷേറ്റീവിന്റെ പ്രത്യേക നന്ദിയും ഷഫീന അറിയിച്ചു.ഈ വർഷം തന്നെ കേരളത്തിൽ നിന്നുള്ള പത്തോളം കലാകാരൻമാരുടെ കലാസൃഷ്ടികൾ അബുദാബിയിൽ പ്രദശിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കും. അത് പോലെ അവിടെ നിന്നുള്ള കലാകാരൻമാരുടെ സൃഷ്ടികൾക്ക് കേരളത്തിലും പ്രദർശന സാഹചര്യം ഒരുക്കുകയും ചെയ്യും. വർഷത്തിൽ നാല് മാസം വീതം പശ്ചിമേഷ്യയിലെ നാല് വീതം കലാകാരൻമാരെ അബുദാബിയിലെ റിസ്ക്ക് ആർട്ട് ഇനിഷ്യേറ്റീവ് ആസ്ഥാനത്ത് എത്തിച്ച് സൗജന്യമായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും നൽകുമെന്നും ഷഫീന അറിയിച്ചു.കേരള ലളിതകലാ അക്കാദമി നിരവധി പുരോഗമനാത്മകമായ പദ്ധതികളും പരിപാടികളും സമീപകാലത്തായി സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പുരോഗമന ചിന്താഗതിയും പരിചയ സമ്പത്തുമുള്ള പല സംഘടനകളും സ്ഥാപനങ്ങളുമായി കൈകോർത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ അക്കാദമി പ്രതിജ്ഞാബദ്ധമാണെന്ന് ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് പറഞ്ഞു. അബുദാബി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റിസ്ക്ക് ആർട്ട് ഇനീഷ്യേറ്റീവുമായി ചേർന്ന് നിരവധി പദ്ധതികളാണ് ദീർഘകാല അടിസ്ഥാനത്തിൽ അക്കാദമി വിഭാവനം ചെയ്തിട്ടുള്ളത്. കലയുടെ സമസ്ത മേഖലയിലും കൈകോർത്താണ് റിസ്ക്കും അക്കാദമിയും സഹകരിച്ച് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതെന്നും ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് കൂട്ടിച്ചേർത്തു.കലാകാരനായ ആറ്റിങ്ങൽ രാമചന്ദ്രന്റെ സൃഷ്ടി ഷഫീന യൂസഫ് അലി പ്രദർശിപ്പിച്ച്കൊണ്ടാണ് അബുദാബി കേരള സംരംഭത്തിന് തുടക്കമായത്. കേരളത്തിലെ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നത് വേണ്ടി റിസ്ക്ക് ആർട്ട് ഇനിഷേറ്റീവ് നൽകുന്ന രണ്ട് ലക്ഷം രൂപയുടെ ഫെലോഷിപ്പ് കേരളത്തിൽ നിന്നുള്ള കലാകാരൻമാരയ മിബിൻ ഭാസ്കർ, മുഹമ്മദ് യാസിർ എന്നിവർക്ക് ചടങ്ങിൽ വെച്ച് ഷഫീന യൂസഫ് അലി കൈമാറി.

## ശിവക്ഷേത്ര ഉത്സവം: ഹരിതചട്ടം പാലിക്കും

**കൊച്ചി:** എറണാകുളത്തപ്പൻ ശിവക്ഷേത്രത്തിലെ ഉത്സവം നടത്തുന്നതിനോടനുബന്ധിച്ച് സുരക്ഷ , മറ്റ് സേവനങ്ങൾ എന്നിവ ക്രമീകരിക്കുന്നത് സംബന്ധിച്ച് ജില്ലാകളക്ടർ എൻ.എസ്.കെ.ഉമേഷിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത,മാലിന്യനിർമാർജനം, സുരക്ഷ, ജനത്തിരക്ക് നിയന്ത്രണം, ഭക്ഷ്യ സുരക്ഷ , മെഡിക്കൽ സേവനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു.ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് കർശനമായി നിരോധിക്കും.പൂർണമായും ഹരിതച്ചട്ടം പാലിച്ചായിരിക്കും ഉത്സവം നടത്തുക. ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പ്രത്യേകം വേർതിരിച്ച് നിർമാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ യോഗത്തിൽ ഉയർന്നു. വോളന്റിയേഴ്സായ വിവിധ സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെയും ഹരിതകർമസേനയുടെയും സഹകരണത്തോടെ മാലിന്യനിർമാർജന പ്രവർത്തനങ്ങൾ നടത്തും. ഉത്സവത്തോട് അനുബന്ധിച്ച് തുറക്കുന്ന ബജിക്കട , ജ്യൂസ് ഷോപ്പുകൾ എന്നിവിടങ്ങളിലും മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നതിനെ സംബന്ധിച്ചും നിർദേശങ്ങൾ നൽകും.ആരോഗ്യം , പൊലീസ്, അഗ്നിശമന സേന തുടങ്ങിയ വകുപ്പുകളും ആവശ്യമായ സേവനങ്ങൾ ഉറപ്പു നൽകി. കളക്ടറുടെ ക്യാമ്പ് ഹൗസിൽ ചേർന്ന യോഗത്തിൽസബ്കളക്ടർ കെ.മീര,ക്ഷേത്ര ഉത്സവക്കമ്മറ്റി ഭാരവാഹികൾ,കൊച്ചികോർപ്പറേഷൻ ,കെ.എസ്.ഇ.ബി, ഭക്ഷ്യസുരക്ഷാ വകുപ്പ്, പൊലീസ്, അഗ്നിശമനസേന, ആരോഗ്യം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.ജനുവരി 16 മുതൽ 23 വരെയാണ് എറണാകുളത്തപ്പൻ ശിവക്ഷേത്രത്തിലെ ഉത്സവം.

## ശ്രീരാമജന്മഭൂമി പ്രാണപ്രതിഷ്ഠ: ആദ്യ ക്ഷണപത്രം മാതാഅമൃതാനന്ദമയിക്ക് നൽകി



ശ്രീരാമജന്മഭൂമി പ്രാണപ്രതിഷ്ഠയുടെ കേരളത്തിലെ ആദ്യക്ഷണപത്രം മാതാ അമൃതാനന്ദമയി ദേവിക്ക് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വി ജി തമ്പി നൽകുന്നു. വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ, വൈസ് പ്രസിഡന്റ് അഡ്വ. അനിൽ വിളയിൽ, ട്രഷറർ ശ്രീകുമാർ, സേവാപ്രമുഖ് അനിൽകുമാർ, ശ്രീവർദ്ധൻ എന്നിവർ സമീപം

**കൊച്ചി:** അയോദ്ധ്യയിൽ ഈ മാസം 22 ന് നടക്കുന്ന ശ്രീരാമജന്മഭൂമി പ്രാണപ്രതിഷ്ഠയുടെ കേരളത്തിലെ ആദ്യ ക്ഷണപത്രം വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി മാതാ അമൃതാനന്ദമയി ദേവിക്ക് നൽകി ഉദ്ഘാടനം ചെയ്തു. വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ, വൈസ് പ്രസിഡന്റ് അഡ്വ. അനിൽ വിളയിൽ, ട്രഷറർ ശ്രീകുമാർ, സേവാപ്രമുഖ് അനിൽകുമാർ, ശ്രീവർദ്ധൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ഗുജറാത്ത് പ്ലാന്റിൽ ഹോണ്ടയുടെ പുതിയ അസംബ്ലി ലൈൻ



**കൊച്ചി:** ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ), ഗുജറാത്തിലെ വിത്തലാപൂരിലെ നാലാമത്തെ ഇരുചക്രവാഹന പ്ലാന്റിൽ പുതിയ മൂന്നാമത് അസംബ്ലി ലൈൻ ഉദ്ഘാടനം ചെയ്തു. ഇതോടെ 6.5 ലക്ഷം യൂണിറ്റുകളുടെ ശേഷിയും ഹോണ്ട കൂട്ടിച്ചേർത്തു. മേക്ക് ഇൻ ഇന്ത്യ സംരംഭം ശക്തിപ്പെടുത്തുന്നതിനുള്ള കമ്പനിയുടെ സുപ്രധാന ചുവടുവയ്പ്പാണിതെന്ന് ആൻഡ് സ്കൂട്ടർ ഇന്ത്യ മാനേജിങ് ഡയറക്ടറും, സിഇഒയും, പ്രസിഡന്റുമായ സുത്സുമു ഒട്ടാനി പറഞ്ഞു. ഉപഭോക്താക്കളെ വേഗത്തിൽ കൂടുതൽ കാര്യക്ഷമമായി സേവിക്കുന്നതിന്, ഈ ശേഷി വിപുലീകരണ പദ്ധതി, എച്ച്എംഎസ്ഐയുടെ മൊത്തം വാർഷിക ഉത്പാദന അളവ് ഗണ്യമായി വർധിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഹോണ്ടയുടെ അത്യാധുനിക വിത്തലാപൂർ ഫെസിലിറ്റി സ്കൂട്ടർ നിർമാണത്തിന് മാത്രമായുള്ള ഹോണ്ടയുടെ ലോകത്തിലെ ഏറ്റവും വലിയ പ്ലാന്റാണ്. ഹോണ്ടയുടെ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഇരുചക്രവാഹനമായ ആക്ടീവയും, മറ്റ് സ്കൂട്ടർ മോഡലുകളായ ഡിയോ, ആക്ടിവ 125, ഡിയോ 125 എന്നിവയും ഈ ഫെസിലിറ്റിയിലാണ് നിർമിക്കുന്നത്. ആഗോള ഡിമാന്ഡ് നിറവേറ്റുന്നതിനായി 250 സിസിക്ക് മുകളിലുള്ള ഇരുചക്രവാഹനങ്ങളുടെ എഞ്ചിനുകൾ നിർമിക്കുന്നതിനുള്ള ഒരു എഞ്ചിൻ ലൈനും ഗുജറാത്ത് പ്ലാന്റിലുണ്ട്. ഇരുചക്ര വാഹന നിർമാണ ശേഷിയിൽ ആഗോളതലത്തിൽ ഹോണ്ടയുടെ ഏറ്റവും പ്രധാനപ്പെട്ട ഉല്പാദന അടിത്തറകളിലൊന്ന് കൂടിയാണ് ഇന്ത്യ.ഉത്തരവാദിത്വമുള്ള കോർപ്പറേറ്റ് എന്ന നിലയിൽ ഗുജറാത്ത് സംസ്ഥാനത്ത് ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡ് സുരക്ഷ, ലിംഗസമത്വം, മറ്റ് സംരംഭങ്ങള് എന്നിവയ്ക്ക് വലിയ പിന്തുണ നൽകുന്നതിനൊപ്പം, ഗുജറാത്ത് പ്ലാന്റിൽ 2030ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന ലക്ഷ്യത്തിനായും കമ്പനി സജീവമായി പ്രവര്ത്തിക്കുന്നുണ്ട്.

# സിയാലിൽ അസംഘടിത കയറ്റിറക്ക് തൊഴിലാളികൾക്ക് സഹകരണ സൊസൈറ്റി



കൊച്ചി ; നെടുമ്പാശേരി വിമാനത്താവളത്തിൽ രണ്ടുദശാബ്ദത്തിലേറെയായി കാർഗോ കയറ്റിറക്ക് തൊഴിലിൽ ഏർപ്പെട്ടിരുന്ന അസംഘടിത തൊഴിലാളികൾക്കായി സിയാലിന്റെ മേൽനോട്ടത്തിൽ രൂപം നൽകിയ സഹകരണ സൊസൈറ്റി പ്രവർത്തനം തുടങ്ങി. 'കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എയർ കാർഗോ കയറ്റിറക്ക് തൊഴിലാളി കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്', ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രിയും സിയാൽ ഡയറക്ടറുമായ പി. രാജീവ് ഉദ്ഘാടനം ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശത്താൽ സിയാൽ ഡയറക്ടർ ബോർഡ്, കയറ്റിറക്ക് തൊഴിലാളികളുടെ സഹകരണ സൊസൈറ്റി രൂപം നൽകാനായി 10 ലക്ഷം രൂപയുടെ ഓഹരിയെടുക്കാൻ തീരുമാനമെടുത്തതോടെയാണ് സഹകരണ സൊസൈറ്റി എന്ന ആശയം സാധ്യമായത്.അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരുടെ ദീർഘകാലത്തെ സ്വപ്നമാണ് യാഥാർത്ഥ്യമായതെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. തൊഴിലാളികൾക്ക് അന്തസ്സോടെ ജോലി ചെയ്യാൻ സഹകരണ സൊസൈറ്റി അവസരമൊരുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കൊച്ചി വിമാനത്താവളത്തിൽ 200405 മുതൽ എയർ കാർഗോ ഏജന്റുമാർക്കായി ചരക്കുകൾ കയറ്റിറക്ക് നടത്തിയിരുന്നത് 290 ഓളം തൊഴിലാളികളിൽ നിലവിൽ ഈ തൊഴിൽ ചെയ്യുന്നത് 120 പേരാണ്. സാമൂഹ്യ സുരക്ഷയോ കൃത്യമായ സേവനവേതന വ്യവസ്ഥയോ ഉണ്ടാകാത്തിരുന്ന ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കൃത്യമായ വ്യവസ്ഥകളും ആനുകൂല്യങ്ങളും നൽകാനായി വളരെ കാലമായി ശ്രമങ്ങൾ നടന്നു വന്നിരുന്നു. അതിന്റെ ഫലമെന്നോണമാണ് സഹകരണ സംഘം രൂപീകൃതമായത്. ഇതിനായി, സിയാൽ ഡയറക്ടർ ബോർഡ് അംഗവും സബ് കമ്മിറ്റി ചെയർമാനുമായ മന്ത്രി പി. രാജീവ് മുൻകൈയെടുക്കുകയും സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസിന് നിർദേശങ്ങൾ നൽകി. സിയാലിന്റെ മേൽനോട്ടത്തിൽ സൊസൈറ്റി പ്രവർത്തനത്തിന് കൃത്യമായ അക്കൗണ്ടിങ് സംവിധാനങ്ങളുൾപ്പെടെ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തി വരികയാണ്. ദിവസക്കൂലി എന്ന പഴയ വ്യവസ്ഥ പരിഷ്കരിച്ച് 15 ദിവസത്തിലൊരിക്കൽ ഒരുമിച്ച് വേതനം നൽകുകയും ചെയ്യുന്ന രീതിയാണ് ഇനിയുണ്ടാവുക. സൊസൈറ്റിയുടെ നടത്തിപ്പിൽ പ്രൊഫഷണലിസം കൊണ്ടുവരാൻ ഡയറക്ടർബോർഡിൽ സിയാലിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ സ്കീം ഉൾപ്പെടെയുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളും നടപ്പിലാക്കാൻ സൊസൈറ്റി ലക്ഷ്യമിടുന്നു.സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ. എ. എസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സിയാൽ ഡയറക്ടർ എൻ.വി. ജോർജ്, എറണാകുളം കോപ്പറേറ്റീവ് സൊസൈറ്റീസ് ഡെപ്യൂട്ടി രജിസ്ട്രാർ സുജിത് കരുൺ, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി കെ. ജോർജ്, ജയരാജൻ വി, ചീഫ് ഫിനാൻഷ്യൽ ഓഫീസർ സജി ഡാനിയേൽ, സൊസൈറ്റി പ്രസിഡന്റും സിയാൽ പ്രതിനിധിയുമായ മനോജ് പി ജോസഫ്, സൊസൈറ്റി ബോർഡ് മെമ്പർ സുഭാഷ് ഇ.കെ., തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# മാക്സിമ സേവിങ്സ്,ബിസിനസ് കറണ്ട് അക്കൗണ്ടുകളുമായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** മുൻനിര സ്മോൾ ഫിനാൻസ് ബാങ്ക് ആയ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് പ്രീമിയം ഉപഭോക്താക്കൾക്കായി മാക്സിമ സേവിങ്സ് അക്കൗണ്ടുകളും ബിസിനസ് മാക്സിമ കറണ്ട് അക്കൗണ്ടുകളും അവതരിപ്പിച്ചു. വിവിധങ്ങളായ സേവനങ്ങളും ആനുകൂല്യങ്ങളും വഴി നിലവിലുള്ളതും പുതുതായി എത്തുന്നതുമായ ഉപഭോക്താക്കളുടെ ബാങ്കിങ് അനുഭവങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇവ അവതരിപ്പിക്കുന്നതെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് അധികൃതർ വ്യക്തമാക്കി.വിവിധ ആനുകൂല്യങ്ങൾ, ഉന്നത സവിശേഷതകൾ, വിവിധങ്ങളായ സാമ്പത്തികബാങ്കിങ് ആവശ്യങ്ങൾ നിറവേറ്റി പ്രീമിയം അനുഭവങ്ങൾ നൽകൽ തുടങ്ങിയവ ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതികൾ രൂപകൽപന ചെയ്തിട്ടുള്ളത്.മാക്സിമ സേവിങ്സ് അക്കൗണ്ടിൽ ഈ മേഖലയിലെ ഏറ്റവും മികച്ചവയിൽ ഒന്നായ 7.5 ശതമാനം വരെ വാർഷിക പലിശയാവും നൽകുക. ഉപഭോക്താക്കൾക്ക് ഒരു ലക്ഷം രൂപയുമായി അക്കൗണ്ട് ആരംഭിക്കാം. മറ്റ് സ്റ്റാൻഡേർഡ് സേവിങ്സ് അക്കൗണ്ടുകളിൽ ലഭ്യമല്ലാത്ത രീതിയിൽ ഉപഭോക്താക്കൾക്ക് 15 ലക്ഷം രൂപയോ അതിലധികമോ സ്ഥിര നിക്ഷേപത്തിൽ നിലനിർത്തി മാക്സിമ സേവിങ്സ് അക്കൗണ്ടിന്റെ ബാലൻസ് മാനദണ്ഡ യോഗ്യത നേടാനും സാധിക്കും. ഉയർന്ന ഇടപാട് പരിധി, സൗജന്യ ചെക്ക്ഡിഡി നൽകൽ, എല്ലാ ചാനലുകളിലും സൗജന്യ ഇടപാടുകൾ, ഏതു ശാഖയിൽ നിന്നും പരിധിയില്ലാത്ത പണം നിക്ഷേപവും പിൻവലിക്കലും എന്നീ ആകർഷകമായ സേവനങ്ങളും മാക്സിമ സേവിങ്സ് അക്കൗണ്ടിലൂടെ ലഭിക്കും. അർഹരായ ഉപഭോക്താക്കൾക്ക് മാക്സിമ സേവിങ്സ് അക്കൗണ്ടിനോടൊപ്പം ഒരു കോംപ്ലിമെന്ററി ഹെൽത്ത് പ്രൈം ആനുകൂല്യവും ലഭിക്കുമെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.ബിസിനസുകൾക്കും സംരംഭകർക്കും അവരുടെ സവിശേഷമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സമഗ്രമായ സേവനങ്ങളുമായാണ് ബിസിനസ് മാക്സിമ കറണ്ട് അക്കൗണ്ട് രൂപകൽപന ചെയ്തിട്ടുള്ളത്. സൗകര്യപ്രദമായ ഓൺലൈൻ ബാങ്കിങ്, തൽക്ഷണ ഫണ്ട് കൈമാറ്റം, കാഷ് മാനേജുമെന്റ് തെരഞ്ഞെടുപ്പുകൾ തുടങ്ങിയവ ഇതിൽ പെടുന്നു. ബിസിനസുകൾക്ക് തങ്ങളുടേതായ പണ നിക്ഷേപ പരിധി നിർണയിക്കാം, പ്രതിദിനം അഞ്ചു ലക്ഷം രൂപ വരെയെന്ന എടിഎം പിൻവലിക്കൽ പരിധി, കച്ചവടക്കാർക്കായുള്ള ബാങ്കിങിനു പുറമെയുള്ള അക്കൗണ്ട് സേവനങ്ങൾ, സൗജന്യ പിഒഎസ് ഇൻസ്റ്റലേഷൻവാടക സേവനങ്ങൾ തുടങ്ങിയ ശ്രദ്ധേയമായ സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ ബിസിനസ് അക്കൗണ്ട് ഉടമകൾക്ക് സ്പെഷലൈസ്ഡ് റിലേഷൻഷിപ് മാനേജർമാർ വഴി മാർഗനിർദേശവും പ്രത്യേകമായുള്ള ബാങ്കിങ് ആവശ്യങ്ങൾക്കായുള്ള സേവനങ്ങളും ലഭിക്കുമെന്നും ഇവർ വ്യക്തമാക്കി.




ഇന്ത്യൻ ആഭരണ വ്യവസായത്തിലെ ശ്രദ്ധേയമായ നേട്ടങ്ങളെ ആദരിക്കുന്നതിനായി മുംബൈയിൽ സംഘടിപ്പിച്ച ഇന്ത്യ ഇന്റർനാഷണൽ ജൂവലറി ഷോ സിഗ്നേച്ചർ 2024ൽ കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ 'ഹാൾ ഓഫ് ഫെയിം ജെംസ് ഓഫ് പ്രസ്റ്റീജ് അവാർഡ്' ഏറ്റുവാങ്ങുന്നു.

# ഓറിയന്റൽ തീം ഡിന്നറുമായി ഒ ബൈ താമര

**തിരുവനന്തപുരം:** ഓറിയന്റൽ തീമിൽ ഡിന്നർ സംഘടിപ്പിച്ചു കൊണ്ടു ഒ ബൈ താമര. ഏഷ്യൻ രാജ്യങ്ങളിലുള്ള ഓറിയന്റൽ പാചകരീതിയുടെ വൈവിധ്യമായ രുചികളാണ് ഡിന്നറിൽ അവതരിപ്പിക്കുന്നത്. ജനുവരി 11 മുതൽ 14 വരെ വൈകിട്ട് 7 മണി മുതൽ രാത്രി 10.30 വരെ ഒ കഫെയിലാണ് ഡിന്നർ നടക്കുന്നത്. ശ്രെഡ്ഡഡ് ലാമ്പ് ഇൻ വൈൻ സ്കാല്യൺസ് ആൻഡ് ഗാർലിക്, ഷാങ്കി ക്രിസ്പ്പി ഡക്ക് വിത്ത് ബാംബൂ ഷൂട്ട്, ക്രിസ്പ്പി ടെൻഡർലോയിൻ ഇൻ ഷെസ്വാൻ ചില്ലി, സ്റ്റിർ ഫ്രൈഡ് പ്രോൺസ് വിത്ത് എക്സോട്ടിക് വെജിറ്റബിൾസ് എന്നിവയാണ് തിരഞ്ഞെടുത്ത വിഭവങ്ങൾ. കൂടാതെ പ്രോൺസ്, പെക്കിങ് ഡക്ക്, ഒക്ടോപസ് വിഭവങ്ങൾ, ഹോം മെയ്ഡ് ഡിം സംസ്, മങ്കോളിയൻ ഗ്രിൽ എന്നിവയാണ് പ്രത്യേകം ക്യുറേറ്റ് ചെയ്തിട്ടുള്ള വിഭവങ്ങൾ. അതിഥികൾക് പ്രത്യേകമായി അലങ്കരിച്ച ലൈവ് കൗണ്ടറുകളും ഔട്ട്ഡോർ ഡൈനിംഗും ആസ്വദിക്കാം. ഏഷ്യൻ ഭക്ഷണപ്രേമികൾക്ക് വ്യത്യസ്തമായൊരു അനുഭവമായിരിക്കും ഈ ഡിന്നർ ഫെസ്റ്റ്.

# സ്മാർട്ടർഹോംസ് ടെക്നോളജീസ് കൊച്ചിയിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി:** ജലസംരക്ഷണ സങ്കേതികകവിദ്യയുമായി സ്മാർട്ട് വാട്ടർ മീറ്ററിംഗ് ടെക്നോളജി കമ്പനിയായ സ്മാർട്ടർഹോംസ് ടെക്നോളജീസ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. സ്മാർട്ടർഹോംസിന്റെ ഐഒടി അധിഷ്ഠിത വാട്ടർമീറ്ററായ 'വാട്ടർഓൺ' ബഹുനില അപ്പാർട്ട്മെന്റുകളിൽ വെള്ളം പാഴാകുന്നത് 35% വരെ കുറയ്ക്കാൻ സഹായകമാകും. ജലസംരക്ഷണത്തിനു മുതൽക്കൂട്ടാകുന്ന 'വാട്ടർഓൺ' ഉപഭോഗ ഡാറ്റയുടെ അടിസ്ഥാനത്തിൽ കൃത്യമായ വാട്ടർ ബില്ലിംഗും സാധ്യമാക്കും. കൊച്ചിയിലെ ആദ്യസംരംഭത്തിനു കതൃക്കടവ് ഡിഡി പ്ലാറ്റിനം പ്ലാനറ്റ് അപ്പാർട്ട്മെന്റിലാണ് സ്മാർട്ടർഹോംസ് ടെക്നോളജീസ് തുടക്കമിട്ടത്. 383 യൂണിറ്റുകളിലായി 1243 സ്!മാർട്ട് മീറ്ററുകൾ ഇവിടെ സ്ഥാപിച്ചു.ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചുപോന്ന കമ്പനിക്ക് കൊച്ചിയിലെ തുടക്കം ആവേശം പകരുന്നതാണെന്നു സ്മാർട്ടർഹോംസ് സിഒഒ ജിതേന്ദർ തിവാനി പറഞ്ഞു.

നിരവധി റസിഡന്റ് വെൽഫെയർ അസോസിയേഷനുകളുമായി ചർച്ചകൾ നടക്കുകയാണ്. ഏറ്റവും പുതിയ അൾട്രാസോണിക് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന, ഉയർന്ന കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കാനാകുംവിധം രൂപകൽപ്പന ചെയ്ത പൂർണ്ണമായും ഓട്ടോമേറ്റഡ്, ഇന്റലിജന്റ് വാട്ടർ മീറ്ററാണ് വാട്ടർഓൺ എന്നും അദ്ദേഹം പറഞ്ഞു.

# ഗ്രോത്ത് പൾസ്: സംരംഭകർക്കുള്ള പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് , 5 ദിവസത്തെ ഗ്രോത്ത് പൾസ് എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 16 മുതൽ 20 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ ഇനി പറയുന്ന പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാ9ഷ്യൽ മാനേജ്മെ9്റ് ജിഎസ്ടി ആന്റ് ടാക്സേഷ9, ഓപ്പറേഷണൽ എക്സല9സ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർറ്റിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500/ രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ്സൈറ്റ് ആയ http://kied.infot/raining-calender ൽ ജനുവരി 12 ന് മുമ്പ് സമർപ്പിക്കണം.. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994

# ആക്ടി.ഇവി: ആദ്യ ഇവി ആർക്കിടെക്ചർ അവതരിപ്പിച്ച് ടാറ്റാ

**കൊച്ചി:** ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന് തുടക്കമിട്ട ടാറ്റാ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി അഥവാ ടിപിഇഎം നൂതനമായ ഇവി ആർക്കിടെക്ചർ പുറത്തിറക്കി . ആക്ടി.ഇവി എന്നാണ് പുതിയ സംരംഭത്തിന്റെ പേര്. അഡ്വാൻസ്ഡ് കണക്ടഡ് ടെക് ഇന്റലിജന്റ് ഇലക്ട്രിക് വെഹിക്കിൾ (Advanced Connected Tech-Intelligent Eletcric Vehicle) എന്നതിന്റെ ചുരുക്കപ്പേരാണ് ഇത്. പഞ്ച് ഇവി ആയിരിക്കും പ്യുവർ ഇലക്ട്രിക് ആർക്കിടെക്ചറിനെ അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ ഉൽപ്പന്നം. ജനുവരി അഞ്ച് മുതൽ ഉപഭോക്താക്കൾക്ക് അടുത്തുള്ള ടാറ്റാ മോട്ടോഴ്സ് ഷോറൂമോ അല്ലെങ്കിൽ ടാറ്റാ ഇവി സ്റ്റോറുകളോ സന്ദർശിച്ച് പഞ്ച് ഇവി ബുക്ക് ചെയ്യാവുന്നതാണ്. 21000 രൂപ അടച്ചാണ് വാഹനം ബുക്ക് ചെയ്യേത്. ഇവി നിർമ്മാണ മേഖലയിലെ വഴികാട്ടികൾ എന്ന നിലയിൽ ഇവി വിപണിയിൽ ഒരു ട്രെൻഡ്സെറ്ററാകുമെന്ന് പ്രതീക്ഷിക്കുന്ന ആക്ടി.ഇവി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നുവെന്ന് ടാറ്റ പാസഞ്ചർ ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡിന്റെ എച്ചി പ്രോഗ്രാമുകളുടെയും കസ്റ്റമർ സർവീസിന്റെയും തലവൻ ആനന്ദ് കുൽക്കർണി പറഞ്ഞു. മച്ചപ്പെട്ട കാര്യക്ഷമത, പരമാവധി ഇടം, ബാറ്ററി കപ്പാസിറ്റി എന്ന് തുടങ്ങി മികച്ച ഡ്രൈവിംഗ് അനുഭവം പ്രദാനം ചെയ്യുന്ന ആർക്കിടെക്ചർ ആയിരിക്കുമിത്. സാങ്കേതികമായി പുരോഗമിച്ചവ മാത്രമല്ല ഞങ്ങളുടെ വാഹനങ്ങൾ. അവ ഭാവി കൂടി മുൻ കൂട്ടി ക് തയ്യാറാക്കിയവയാണ്. അത്തരത്തിലുള്ള ഇലക്ട്രിക് ആർക്കിടെക്ചർ ആണ് ആക്ടി ഇവി.ഈ ആർക്കിടെക്ചർ അടിസ്ഥാനമാക്കി നിർമ്മിച്ചെടുത്ത ഒരു ഉൽപ്പന്നം കൂടി ഉപഭോക്താക്കളുടെ മുന്നിൽ ഞങ്ങൾ അഭിമാനത്തോടെ എത്തിക്കുന്നു. ടിപിഇഎമ്മിലെ അടുത്ത തലമുറ ഇവികളുടെ ആദ്യ പതിപ്പായിരിക്കുമിതെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ആക്ടി.ഇവി അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഭാവിയിൽ സ്വീകാര്യത വർധിക്കുമെന്ന കാര്യത്തിൽ ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നുവെന്നും ആനന്ദ് കുൽക്കർണി പറഞ്ഞു.

# സാംസങ് ഗ്യാലക്സി: സ്മാർട്ട്ഫോണുകളുടെ പ്രീറിസർവേഷൻ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക് ബ്രാൻഡായ സാംസങ്ങിന്റെ ഫ്ളാഗ്ഷിപ്പ് ഗ്യാലക്സി സ്മാർട്ട്ഫോണുകളുടെ പ്രീറിസർവേഷൻ പ്രഖ്യാപിച്ച് കമ്പനി. ഈ മാസം അവസാനത്തോടെ പുറത്തിറങ്ങുന്ന സ്മാർട്ട്ഫോണുകൾ മുൻകൂട്ടി റിസർവ് ചെയ്യുന്നതിനുള്ള അവസരമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. ഇതിലൂടെ പുതിയ ഗ്യലക്സി സ്മാർട്ട്ഫോണുകൾ നേരത്തെ കരസ്ഥമാക്കുന്നതോടൊപ്പം തന്നെ സ്പെഷ്യൽ ഓഫറുകളും ലഭിക്കും.സാംസങ്. കോം, സാംസങ്എക്സ്ക്ലൂസീവ് സ്റ്റോറുകൾ, ആമസോൺ. ഇൻ, ഇന്ത്യയിലുടനീളമുള്ള പ്രമുഖ റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് 2000 രൂപ ടോക്കൺ തുക അടച്ച് ഫ്ലാഗ്ഷിപ്പ് ഗ്യാലക്സി ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് മുൻകൂട്ടി റിസർവ് ചെയ്യാം. ഇത്തരത്തിൽ റിസർവ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് 5000 രൂപയുടെ ആനുകൂല്യവും ലഭിക്കും.സാംസംഗ് ആദ്യ ഗ്യാലക്സി ഫ്ലാഗ്ഷിപ്പ് അവതരിപ്പിച്ചതുമുതൽ, ഉപഭോക്താക്കളുടെ അനുഭവം തുടർച്ചയായി മെച്ചപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നു. വർഷങ്ങളുടെ കഠിനമായ ഗവേഷണവികസനത്തിന്റെയും (ഞ&ഉ) നിക്ഷേപത്തിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെടുത്തിയ പതിപ്പാണ് അവതരിപ്പിക്കാനൊരുങ്ങുന്നത്. ഇതിലൂടെ സാംസങ് ഗാലക്സി നവീകരണത്തിന്റെ ഏറ്റവും പുതിയ യുഗത്തെ മുന്നോട്ട് നയിക്കാനും വ്യവസായ പ്രമുഖനെന്ന നിലയിലുള്ള സ്ഥാനം ഉറപ്പിക്കാനും ലക്ഷ്യമിടുന്നു.ജനുവരി 17 ന് കാലിഫോർണിയയിലെ സാൻ ജോസിൽ നടക്കുന്ന ഗ്യാലക്സി അൺപാക്ക്ഡിൽ സാംസങ്ങിന്റെ പുതിയ ഫ്ലാഗ്ഷിപ്പ് ഡിവൈസുകൾ അവതരിപ്പിക്കും.

# ഹെറിറ്റേജ് ആന്റ് സേർച്ച് സെന്റർ ഓഫീസ് സമുച്ചയം ഉദ്ഘാടനം ചെയ്തു



**കാക്കനാട്:** സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയം സ്ഥിതിചെയ്യുന്ന കാക്കനാട് മൗ സെന്റ് തോമസിൽ പ്രവർത്തിച്ചുവരുന്ന ലിറ്റർജിക്കൽ റിസേർച്ച് സെന്ററിനായി പണികഴിപ്പിച്ച പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു. സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ,എൽആർസി ചെയർമാൻ മാർ ടോണി നീലങ്കാവിൽ ,മാർ ജോസ് പൊരുന്നേടം കൂരിയായിലെ വൈദികർ, സിസ്റ്റേഴ്സ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. അഞ്ച് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ച് മ്യൂസിയം, ലൈബ്രറി, കോൺഫറൻസ് ഹാൾ, ബുക്ക് സ്റ്റാൾ എന്നിവ പ്രവർത്തിച്ചു തുടങ്ങുന്നതോടെ ഹെറിറ്റേജ് & റിസേർച്ച് സെന്റർ എന്ന പേരിൽ ഈ ഗവേഷണകേന്ദ്രം അറിയപ്പെടാൻ തുടങ്ങും. ഉദ്ഘാടന ചടങ്ങിന് ഫാ. ജോജി കല്ലിങ്ങൽ, ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് തോലാനിക്കൽ, സെക്രട്ടറി സി. ലിൻസിഎന്നിവർ നേതൃത്വം നൽകി.

